"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലുണ്ടാകുന്ന അത്യാഹിതങ്ങൾക്ക് ഇരയാകുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഒരു പ്രത്യേക സഹായ പദ്ധതി ഏർപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (വ്യയം-സി) വകുപ്പ്**

സ.ഉ. (അച്ചടി) നം. 3/2024/ധന                                        തീയതി, തിരുവനന്തപുരം, 06-01-2024

---

പരാമർശം:-
1. സ. ഉ. (പി) നം. 617/1979/ധന തീയതി 17/07/1979
2. സ. ഉ. (കൈ) നം. 201/2002/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി 31/07/2002
3. സർക്കുലർ നം. 4/2003/ധന തീയതി 01/01/2003
4. സ. ഉ. (സാധാ) നം. 908/2005/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി 28/03/2005
5. സ. ഉ. (കൈ) നം. 121/2013/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി 02/04/2013
6. സ. ഉ. (പി) നം. 153/(144)/2013/ധന തീയതി 06/04/2013
7. സ. ഉ. (കൈ) നം. 414/2014/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി 30/12/2014
8. സ. ഉ. (പി) നം. 126/2016/ധന തീയതി 31/08/2016
9. സ. ഉ. (പി) നം. 141/2017/ധന തീയതി 08/11/2017
10. സ. ഉ. (പി) നം. 97/2018/ധന തീയതി 23/06/2018
11. സ. ഉ. (പി) നം. 41/2019/ധന തീയതി 31/03/2019
12. സ.ഉ. (പി) നം. 126/2022/ധന തീയതി 11/10/2022

## ഉത്തരവ്

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകടം/അസ്വാഭാവിക മരണം സംഭവിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ആനുകൂല്യങ്ങൾ നൽകുന്നതിനായി നിലവിൽ ഏകീകൃതമായ ഒരു പൊതുമാനദണ്ഡമില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിക്കുന്ന ജീവനക്കാരുടെ അസ്വാഭാവിക മരണങ്ങൾ, അത്യാഹിതങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഒരു പ്രത്യേക സഹായ പദ്ധതി താഴെ പറയും പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രത്യേക സഹായപദ്ധതി പ്രകാരം അസ്വാഭാവിക മരണം, അപകടം എന്നിവയുടെ നിർവ്വചനം ചുവടെ ചേർക്കുന്നു.

**അസ്വാഭാവിക മരണം**

1. ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണം, ഡ്യൂട്ടിയുടെ ഭാഗമായി മറ്റുള്ളവരുടെ ജീവനും സ്വത്തും രക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ സംഭവിക്കുന്ന മരണം തുടങ്ങി എഫ്.ഐ.ആർ രേഖപ്പെടുത്തേണ്ടതോ അല്ലെങ്കിൽ അപ്രകാരമുള്ള സാഹചര്യമെന്ന് റവന്യു/പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തുന്നതോ ആയ സാഹചര്യത്തിലുള്ള മരണങ്ങളെ ഡ്യൂട്ടിക്കിടയിലുള്ള അസ്വാഭാവിക മരണമായി പരിഗണിക്കാം.

2. എപ്പിഡമിക്/പാൻഡമിക് ആയി പ്രഖ്യാപിക്കപ്പെടുന്ന രോഗങ്ങളുടെ ശുശ്രൂഷയുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെടുന്ന ജീവനക്കാർ പ്രസ്തുത ജോലിയിൽ ഏർപ്പെട്ടതുമൂലം ഇതേ രോഗം ബാധിച്ച് മരിക്കാനിടയായാലും അസ്വാഭാവിക മരണമായി കണക്കാക്കാം.

3. ഡ്യൂട്ടിക്കിടയിൽ ഷോക്കേറ്റുള്ള മരണം, നിർമ്മാണപ്രവർത്തനങ്ങൾക്കിടയിൽ സംഭവിക്കുന്ന അപകടമരണം, കുറ്റവാളികളെ പിടികൂടാൻ ശ്രമിക്കുന്നതിനിടയിൽ നിയമപാലകർക്ക് സംഭവിക്കുന്ന മരണം, രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ സംഭവിക്കുന്ന മരണം, വന്യജീവികളുടെ ആക്രമണത്തിൽ സംഭവിക്കുന്ന മരണം എന്നിവ പൊതുവെ അസ്വാഭാവിക മരണമായി കണക്കാക്കാം.

4. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഓഫീസിലേക്കുള്ള വരവും തിരിച്ചു പോക്കിനുമിടയിലുള്ള അപകടമരണം അസ്വാഭാവിക മരണമായി കണക്കാക്കാം.

5. ഓഫീസ് ആവശ്യങ്ങൾക്കായി other duty-യിലോ ടൂറിലോ ആയിരിക്കുന്ന സന്ദർഭങ്ങളിൽ സംഭവിക്കുന്ന അപകടമരണവും അസ്വാഭാവിക മരണത്തിന്റെ പരിധിയിൽ വരുന്നതാണ്. (ജില്ലാ കളക്ടർമാർ/വകുപ്പ് മേധാവി/ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കണം).

അപകടം

1. ഔദ്യോഗിക കൃത്യനിർവ്വഹണത്തിലിരിക്കെ ഓഫീസിൽ വച്ചോ ഓഫീസ് വളപ്പിൽ വച്ചോ ഉണ്ടാകുന്ന അപകടങ്ങൾ ഈ സഹായ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.
2. ഓഫീസ് ആവശ്യങ്ങൾക്കായി other duty-യിലോ ടൂറിലോ ആയിരിക്കുന്ന സന്ദർഭങ്ങളിൽ സംഭവിക്കുന്ന അപകടവും ഈ സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നതാണ് (ജില്ലാ കളക്ടർമാർ/വകുപ്പ് മേധാവി/ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കണം).
3. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഓഫീസിലേക്കുള്ള വരവും തിരിച്ച് പോക്കിനുമിടയിലുള്ള അപകടവും ഈ സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നതാണ്.

## ***ഡ്യൂട്ടിക്കിടയിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ/അപകടം സംഭവിക്കുന്ന ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ***

ഡ്യൂട്ടിക്കിടയിൽ അസ്വാഭാവിക സാഹചര്യത്തിൽ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് പ്രത്യേക സഹായപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് പുറമെ നിലവിൽ ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ (ഡ്യൂട്ടിക്കിടയിൽ അപകടം മൂലം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് out of turn priority അനുവദിച്ച് നിയമനം നൽകുന്നത് തുടങ്ങിയവ) തുടർന്നും ലഭിക്കുന്നതാണ്.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അത്യാഹിതം/മരണം സംഭവിക്കുന്ന ജീവനക്കാർക്ക് നിലവിലുള്ള ചട്ടങ്ങൾ/ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമെ ഈ പ്രത്യേക സഹായപദ്ധതിയുടെ ഭാഗമായി അധിക ആനുകൂല്യങ്ങൾ ചുവടെ ചേർക്കും പ്രകാരം അനുവദിക്കുന്നു. ഈ പ്രത്യേക സഹായപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകടം/മരണം സംഭവിക്കുന്ന ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | നിലവിൽ ലഭിക്കുന്ന ആനുകൂല്യം | ചട്ടം/ഉത്തരവ് പ്രകാരം നിലവിൽ ആനുകൂല്യങ്ങൾ നൽകി വരുന്ന രീതി | പ്രത്യേക സഹായപദ്ധതി പ്രകാരം അനുവദിക്കുന്ന ആനുകൂല്യങ്ങൾ |
|---|---|---|---|
| 1 | ഡി.സി.ആർ.ജി (Death cum Retirement Gratuity) | ചട്ടം 67, 68 കെ.എസ്.ആർ ഭാഗം-III അനുസരിച്ച് ആകെ സർവീസ് കാലയളവ് മാത്രം പരിഗണിച്ച് ഡി.സി.ആർ.ജി നൽകി വരുന്നു. | ജീവനക്കാരൻ സർവീസിൽ നിന്നും സൂപ്പർആന്വേഷനിൽ പിരിഞ്ഞിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ആകെ സേവനകാലം ഡി.സി.ആർ.ജി -ക്ക് യോഗ്യതാ സേവനകാലമായി കണക്കാക്കാവുന്നതാണ്. |
| | | കെ.എസ്.ആർ ഭാഗം III ചട്ടം 67-ലെ വ്യവസ്ഥകൾ പാലിച്ച് ഡി.സി.ആർ.ജി അനുവദിക്കുമ്പോൾ നോമിനേഷൻ ഇല്ലാത്ത കേസുകളിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഡി.സി.ആർ.ജി അനുവദിച്ചു വരുന്നു. | ജീവനക്കാരൻ മരണമടഞ്ഞ് **4 മാസത്തിനകം** അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സാധിക്കാത്ത കേസുകളിൽ, മരണമടഞ്ഞ ജീവനക്കാരന്റെ അനന്തരാവകാശികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തഹസിൽദാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |
| 2. | കുടുംബ പെൻഷൻ | കെ.എസ്.ആർ ഭാഗം III ചട്ടം 118(1) പ്രകാരം നോമിനേഷൻ ഉള്ള കേസുകളിൽ ഫോറം എ-യിലുള്ള ഒരു കത്തും ആറാം നമ്പർ ഫോറവും നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള വ്യക്തിക്ക് നാമനിർദ്ദേശം സൂക്ഷിക്കുന്ന ഓഫീസ് മേധാവി അയച്ചുകൊടുക്കുന്നു. (സമയപരിധി സൂചിപ്പിച്ചിട്ടില്ല). | ഫോറം എ-യിലുള്ള ഒരു കത്തും ആറാം നമ്പർ ഫോറവും നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള വ്യക്തിക്ക് നാമനിർദ്ദേശം സൂക്ഷിക്കുന്ന ഓഫീസ് മേധാവി ജീവനക്കാരൻ മരണമടഞ്ഞ തിയതി മുതൽ **രണ്ട് മാസത്തിനകം** അയച്ചുകൊടുക്കേണ്ടതാണ്. |
| | | ഫോറം 6-ഉം അനുബന്ധ രേഖകളും തിരികെ ലഭിച്ചാൽ ഉടൻ കുടുംബ പെൻഷൻ അനുവദിക്കുന്നതാണ് (സമയപരിധി സൂചിപ്പിച്ചിട്ടില്ല). | ഫോറം 6-ഉം അനുബന്ധ രേഖകളും തിരികെ ലഭിച്ച് **ഒരു മാസത്തിനകം** കുടുംബ പെൻഷൻ അനുവദിക്കേണ്ടതാണ്. |
| | | നോമിനേഷൻ ഇല്ലാത്ത കേസുകളിൽ അവകാശികൾ ആരാണെന്നറിയാൻ മരണമടഞ്ഞ | നോമിനേഷൻ ഇല്ലാത്ത കേസുകളിൽ അവകാശികൾ ആരാണെന്നറിയാൻ മരണമടഞ്ഞ |

| | | | |
|---|---|---|---|
| | | ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത ഓഫീസിലെ മേലധികാരി ഒരു അന്വേഷണം നടത്തി അർഹതപ്പെട്ട അവകാശിക്ക് ഫോറം-6 നൽകേണ്ടതാണ്. (സമയപരിധി സൂചിപ്പിച്ചിട്ടില്ല). | ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത ഓഫീസിലെ മേലധികാരി ജീവനക്കാരൻ മരണമടഞ്ഞ് **രണ്ട് മാസത്തിനകം** ഒരു അന്വേഷണം നടത്തി അർഹതപ്പെട്ട അവകാശിക്ക് ഫോറം 6 നൽകേണ്ടതാണ്. |
| | | ഫോറം 6-ഉം അനുബന്ധ രേഖകളും തിരികെ ലഭിച്ചാൽ ഉടൻ കുടുംബ പെൻഷൻ അനുവദിക്കുന്നതാണ് (സമയപരിധി സൂചിപ്പിച്ചിട്ടില്ല). | ഫോറം 6-ഉം അനുബന്ധ രേഖകളും തിരികെ ലഭിച്ച് **ഒരു മാസത്തിനകം** കുടുംബ പെൻഷൻ അനുവദിക്കേണ്ടതാണ്. |
| 3. | പങ്കാളിത്ത പെൻഷൻ (NPS) പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായ ജീവനക്കാർ സർവീസിലിരിക്കെ മരണപ്പെടുന്ന പക്ഷം ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30%-ത്തിനു തുല്യമായ തുക ആശ്രിതനിയമന വ്യവസ്ഥയനുസരിച്ച് ആശ്രിതന് ജോലി ലഭിക്കുന്നത് വരെ ആശ്വാസ ധനസഹായം അനുവദിച്ചു കൊണ്ട് പരാമർശം (8) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വിശദമായി പ്രതിപാദിച്ചു കൊണ്ട് പരാമർശം (9),(10),(11) പ്രകാരം ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ തുടരുന്നതാണ്. കൂടാതെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ അത്യാഹിതം/മരണം സംഭവിക്കുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായ ജീവനക്കാർക്ക് ഈ പ്രത്യേക സഹായ പദ്ധതി പ്രകാരം നൽകുന്ന അധിക ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി, കുടുംബപെൻഷൻ എന്നിവ ഒഴികെയുള്ള ആനുകൂല്യങ്ങൾ) പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാർക്കും അനുവദിക്കുന്നതാണ്. |
| | | സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടയുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായത്തിനു പകരം അടിയന്തിര ആശ്വാസം എന്ന നിലയിൽ ഒറ്റത്തവണയായി മൂന്ന് | |

| | | | |
|---|---|---|---|
| | | ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (12) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. | |
| 4. | ടെർമിനൽ സറണ്ടർ | പരാമർശം (3) സർക്കുലർ പ്രകാരം സർവീസിൽ നിന്ന് വിരമിക്കുകയോ അല്ലെങ്കിൽ സർവീസിലിരിക്കെ മരണപ്പെടുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ ആണ് ടെർമിനൽ സറണ്ടർ അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പരാമർശം (1) ഉത്തരവ് പ്രകാരം ഒരു ഉദ്യോഗസ്ഥൻ മരണപ്പെടുകയാണെങ്കിൽ നിയുക്ത അധികാരി സ്വമേധയാ സറണ്ടർ ആനുകൂല്യം മാറി നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. KFC Vol-I, Article 83 ലെ നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ടാണ് ടെർമിനൽ സറണ്ടർ നിലവിൽ അനുവദിക്കുന്നത്.<br>(സമയപരിധി സൂചിപ്പിച്ചിട്ടില്ല). | ജീവനക്കാരൻ മരണമടഞ്ഞ് **4 മാസത്തിനകം** അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം KFC Vol-I, Article 83 പ്രകാരം അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടെർമിനൽ സറണ്ടർ അനുവദിക്കേണ്ടതാണ്.<br>4 മാസത്തിനകം അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സാധിക്കാത്ത കേസുകളിൽ തഹസിൽദാറിൽ നിന്നു ലഭിക്കുന്ന മരണമടഞ്ഞ ജീവനക്കാരന്റെ അനന്തരാവകാശികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടെർമിനൽ സറണ്ടർ അനുവദിക്കേണ്ടതാണ്. |
| 5. | ചികിത്സാ ധനസഹായം | പോലീസ്, ഫയർ ഫോഴ്സ്, വനം, എക്സൈസ് എന്നീ വിഭാഗം ജീവനക്കാർക്ക് പരാമർശം (2), (4), (5), (7) ഉത്തരവുകൾ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഉണ്ടാകുന്ന അപകടങ്ങളിൽ സർക്കാർ അംഗീകാരം ഉള്ളതും, ഇല്ലാത്തതുമായ സ്വകാര്യ ആശുപത്രികളിൽ തേടുന്ന ചികിത്സയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ/ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിക്കുന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്തു നൽകാൻ വ്യവസ്ഥയുണ്ട്. | പോലീസ്, ഫയർ ഫോഴ്സ്, വനം, എക്സൈസ് എന്നീ വിഭാഗം ജീവനക്കാർക്ക് നിലവിൽ പരാമർശം (2), (4), (5), (7) ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ തുടരുന്നതാണ്.<br>പോലീസ്, ഫയർ ഫോഴ്സ്, എക്സൈസ്, വനം എന്നീ വിഭാഗങ്ങളിലുള്ളവർ ഒഴികെ മറ്റുള്ള വിഭാഗങ്ങളിലുള്ളവരിൽ 60 ശതമാനത്തിലേറെ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് സർക്കാർ ആശുപത്രിയിൽ തേടുന്ന ചികിത്സയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ/ആരോഗ്യ വകുപ്പ് |

| | | | |
|---|---|---|---|
| | | | ഡയറക്ടർ അനുവദനീയത അറിയിക്കുന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്തു നൽകാവുന്നതും സർക്കാർ അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ സ്വകാര്യ ആശുപത്രിയിൽ തേടുന്ന ചികിത്സയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ/ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിക്കുന്ന തുകയുടെ 90 ശതമാനവും പ്രതിപൂരണം ചെയ്തു നൽകാവുന്നതാണ്.<br><br>60 ശതമാനത്തിൽ താഴെ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് സർക്കാർ ആശുപത്രിയിൽ തേടുന്ന ചികിത്സയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ/ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിക്കുന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്തു നൽകാവുന്നതും സർക്കാർ അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ സ്വകാര്യ ആശുപത്രിയിൽ തേടുന്ന ചികിത്സയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ/ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിക്കുന്ന തുകയുടെ 75 ശതമാനവും പ്രതിപൂരണം ചെയ്തു നൽകാവുന്നതാണ്. മേൽ ആനുകൂല്യങ്ങൾക്ക് അംഗവൈകല്യത്തിന്റെ ശതമാനം നിശ്ചയിക്കുന്നത് അംഗീകൃത മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ്. ഔദ്യോഗിക കൃത്യ |

| | | | |
|---|---|---|---|
| | | | നിർവ്വഹണത്തിനിടയിലുണ്ടാകുന്ന അത്യാഹിതങ്ങൾക്ക് ഇരയാകുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ചികിത്സക്ക് മെഡിസെപ്പിൽ നിന്നും പരിരക്ഷ ലഭ്യമായിട്ടുണ്ടെങ്കിൽ പ്രത്യേക സഹായ പദ്ധതിയിൽ നിന്നും ചികിത്സാസഹായം ലഭിക്കുകയില്ല. കൂടാതെ പ്രത്യേക സഹായ പദ്ധതിയിൽ നിന്നും ചികിത്സാസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ മെഡിസെപ്പിൽ നിന്നും പരിരക്ഷ ലഭിച്ചിട്ടില്ല എന്ന സത്യപ്രസ്താവന കൂടി സമർപ്പിക്കേണ്ടതാണ്. |
| 6. | എക്സ്ഗ്രേഷ്യാ ധനസഹായം | പരാമർശം (6) ഉത്തരവ് പ്രകാരം ഡ്യൂട്ടിക്കിടയിൽ മരണമടയുന്ന GPAI (Group Personal Accident Insurance) സ്കീമിന്റെ പരിധിയിൽ വരാത്ത സർക്കാർ ജീവനക്കാർക്ക് 1,50,000/- രൂപ എക്സ്ഗ്രേഷ്യാ ധനസഹായമായി അനുവദിച്ച് വരുന്നു. | GPAI സ്കീമിന്റെ പരിധിയിൽ വരാത്തതും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകട മരണത്തിനും അസ്വാഭാവിക മരണത്തിനും വിധേയരാകുന്ന ജീവനക്കാരുടെ നിയമപ്രകാരമുള്ള അനന്തരാവകാശികൾക്ക് നിലവിൽ നൽകി വരുന്നതുമായ 1.5 ലക്ഷം രൂപയുടെ എക്സ്ഗ്രേഷ്യാ ആനുകൂല്യത്തിനു പകരമായി GPAI സ്കീം/സ.ഉ.(പി) നം. 17/2023/ധന തീയതി 22.02.2023 ഉത്തരവ് പ്രകാരം GPAI സ്കീമിനെ പുനർനാമകരണം ചെയ്ത് നിലവിൽ വന്ന ജീവൻരക്ഷാ പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ കേസുകളിൽ അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ നിയമപ്രകാരമുള്ള അനന്തരാവകാശികൾക്ക് പരമാവധി 10 ലക്ഷം രൂപയും അംഗവൈകല്യം സംഭവിക്കുന്നവർക്ക് പരമാവധി 5 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നതാണ്. |

GPAI സ്കീം/ജീവൻരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കാത്ത കേസുകളിൽ അപകടമരണങ്ങൾക്ക്/അസ്വാഭാവിക മരണങ്ങൾക്ക് ഇരയാകുന്ന ജീവനക്കാരുടെ നിയമപ്രകാരമുള്ള അനന്തരാവകാശികൾക്കും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അംഗവൈകല്യം സംഭവിക്കുന്ന ജീവനക്കാർക്കും എക്സ്ഗ്രേഷ്യാ ധനസഹായം താഴെ പറയും പ്രകാരമുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി അനുവദിക്കുന്നതാണ്.

| ക്രമ നം | അപകടത്തിന്റെ സ്വഭാവം | തുക | വ്യവസ്ഥകൾ |
|---|---|---|---|
| 1. | മരണം | Rs.10,00,000/- | a. ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ജോലി നോക്കുന്ന കാര്യാലയവുമായി ബന്ധപ്പെട്ട ഔദ്യോഗിക ജോലികൾക്കിടയിലുള്ള അപകടമരണം/അസ്വാഭാവിക മരണം മാത്രമേ പരിഗണിക്കൂ.<br><br>b. അപകടമരണവുമായി/അസ്വാഭാവിക മരണവുമായി ബന്ധപ്പെട്ട രേഖകളും വസ്തുതകളും വകുപ്പ് മേധാവി പരിശോധിച്ച് വ്യക്തമായ ശുപാർശയോടെ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.<br><br>c. മരണം സംഭവിച്ച വ്യക്തിയോ നിയമപ്രകാരമുള്ള അനന്തരാവകാശികളോ State Disaster Response Fund അല്ലെങ്കിൽ അതുപോലുള്ള സർക്കാർ രൂപീകരിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും ഫണ്ട്/സർക്കാരിനു കീഴിലുള്ള മറ്റ് ഏതെങ്കിലും ഇൻഷ്വറൻസ് പദ്ധതി (ഡ്യൂട്ടി റിസ്കുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെ) എന്നിവയ്ക്ക് അർഹതയുള്ള വ്യക്തിയാണെങ്കിൽ ആയതിൽ നിന്നും ലഭിക്കുന്ന തുക കിഴിച്ച് ബാക്കിയുള്ള തുക മാത്രം അനുവദിക്കുന്നതാണ്. മേൽപറയുന്ന ഏതെങ്കിലും ഇനത്തിൽ 10 ലക്ഷത്തിനുമേൽ തുക ലഭിക്കുന്നപക്ഷം ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതല്ല. |

| | | | |
|---|---|---|---|
| | | | d. മറ്റ് എതെങ്കിലും ഇൻഷ്വറൻസ് പദ്ധതി എന്നതിൽ ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീം, സമാനമായ മറ്റ് ഏതെങ്കിലും ഇൻഷ്വറൻസ് പദ്ധതികൾ, അപേക്ഷകൻ സ്വന്തമായി എടുത്തിട്ടുള്ള മറ്റ് ഇൻഷ്വറൻസുകൾ എന്നിവ ഉൾപ്പെടുന്നതല്ല.<br><br>e. മരണപ്പെട്ട വ്യക്തിയുടെ നിയമപ്രകാരമുള്ള അനന്തരാവകാശികൾക്ക് അടിയന്തിര ധനസഹായം നൽകേണ്ടുന്ന അവസരങ്ങളിൽ മാത്രം, അപ്രകാരം കൈപ്പറ്റുന്ന തുക അംഗീകൃത തുകയിൽ അധികരിക്കുന്ന പക്ഷം തിരിച്ചടയ്ക്കാം എന്നുള്ള അനന്തരാവകാശികളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ എക്സ്ഗ്രേഷ്യാ ധനസഹായമായി ഈ പദ്ധതി പ്രകാരം അനുവദനീയമായ തുകയുടെ 30% തുക അടിയന്തിരമായി അനുവദിക്കുന്നതാണ്. |
| 2. | സ്ഥിരമായ അംഗവൈകല്യം | Rs.5,00,000/- | മുൻ നിബന്ധനകൾക്ക് വിധേയമായി (e ഒഴികെ) അംഗീകൃത മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് പ്രകാരം നിർണ്ണയിക്കുന്നതായിരിക്കും. |
| 3. | 60%-ന് മുകളിലുള്ള അംഗവൈകല്യം | Rs.4,00,000/- | മുൻ നിബന്ധനകൾക്ക് വിധേയമായി (e ഒഴികെ) അംഗീകൃത മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് പ്രകാരം നിർണ്ണയിക്കുന്നതായിരിക്കും. |
| 4. | 40% മുതൽ 60% വരെയുള്ള അംഗവൈകല്യം | Rs.2,50,000/- | മുൻ നിബന്ധനകൾക്ക് വിധേയമായി (e ഒഴികെ) അംഗീകൃത മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് പ്രകാരം നിർണ്ണയിക്കുന്നതായിരിക്കും. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രബീന്ദ്ര കുമാർ അഗർവാൾ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-2), കേരള, തിരുവനന്തപുരം
3. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
5. എല്ലാ വകുപ്പ് മേധാവികൾക്കും ഓഫീസ് മേലധികാരികൾക്കും
6. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
7. ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
9. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
10. നിയമസഭാ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
11. ഗവർണ്ണറുടെ സെക്രട്ടറി
12. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
13. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
14. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
15. നോഡൽ ഓഫീസർ www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ-1709945)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ